# രക്ഷയുടെ പാതയിൽ



# സഭ ആരാധനാസമൂഹം

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

൯

# ഉള്ളടക്കം

1. ദൈവാരാധന
2. അടയാളങ്ങളും പ്രതീകങ്ങളും
3. അടയാളങ്ങളും പ്രതീകങ്ങളും വിശുദ്ധകുർബാനയിൽ
4. വിശുദ്ധകുർബാന പരമോന്നത ആരാധന
5. വിശുദ്ധകുർബാന ആമുഖശുശ്രൂഷയും വചനശുശ്രൂഷയും
6. വിശുദ്ധകുർബാന ഒരുക്കശുശ്രൂഷയും അനാഫൊറയും
7. വിശുദ്ധകുർബാന ദൈവൈക്യശുശ്രൂഷയും സമാപനവും
8. ദൈവവചനവും ക്രൈസ്തവജീവിതവും
9. കൂദാശകളും ക്രൈസ്തവജീവിതവും
10. പ്രവേശക കൂദാശകൾ
11. സൗഖ്യദായക കൂദാശകൾ
12. തിരുപ്പട്ടം
13. വിവാഹം
14. ആരാധനാവൽസരവും ക്രൈസ്തവജീവിതവും
15. സമർപ്പിതജീവിതം

# പാഠം- 12



തിരുപ്പട്ടം

# തിരുപ്പട്ടം

തിരുപ്പട്ടം

1. പുരോഹിതൻ മുൻപിൽ വയ്ക്കപ്പെട്ടവൻ
2. പൊതുപൗരോഹിത്യം
3. ശുശ്രൂഷാപൗരോഹിത്യം
4. ശ്ലീഹാന്മാരുടെ സഹശുശ്രൂശകർ
5. ശ്ലീഹന്മാരുടെ പിന്തുടർച്ചയും പരിശുദ്ധാത്മാവിന്റെ കൃപയും
6. പൗരോഹിത്യധർമങ്ങൾ
7. പുരോഹിതൻ പഠിപ്പിക്കുന്നവൻ
8. പുരോഹിതൻ വിശുദ്ധീകരിക്കുന്നവൻ
9. പുരോഹിതൻ നയിക്കുന്നവൻ
10. പൗരോഹിത്യത്തിലേക്കുള്ള വിളി

# പുരോഹിതൻ മുൻപിൽ വയ്ക്കപ്പെട്ടവൻ

❖ പുരോഹിതൻ എന്ന വാക്കിന്റെ അർത്ഥം മുൻപിൽ വയ്ക്കപ്പെട്ട വൻ എന്നാണ്. ദൈവം മനുഷ്യരുടെ മുൻപിൽ വയ്ക്കുന്ന വ്യക്തി യാണ് പുരോഹിതൻ. ഒപ്പം സഭ ദൈവത്തിന്റെ മുൻപിൽ വയ്ക്കുന്ന വനും. നിത്യപുരോഹിനായ ഈശോയുടെ പൗരോഹിത്യത്തിൽ തിരു പ്പട്ടമെന്ന കൂദാശയിലൂടെ പുരോഹിതൻ പങ്കചേർക്കപ്പെടുന്നു. ഇപ്രകാരം അവൻ ദൈവത്തിന്റെയും മനുഷ്യരുടെയും ഇടയിൽ മധ്യ വർത്തിയായിത്തീരുന്നു.

തിരുപ്പട്ടം

# പൊതുപൗരോഹിത്യം

❖ മാമ്മോദീസായിലൂടെ ഓരോ വ്യക്തിയും ഈശോയുടെ പൗരോഹിത്യത്തിൽ പങ്കുചേരുന്നു. ഇതാണ് ദൈവജന ത്തിന്റെ പൊതുപൗരോഹിത്യം. നമ്മുടെ ജീവിതവും പ്രവർത്തനങ്ങളും ബലിയർപ്പണത്തിന്റെ ചൈതന്യത്തിൽ നിർവഹിച്ചുകൊണ്ട് നമുക്ക് ചുറ്റും ജീവിക്കുന്ന മനു ഷ്യർക്ക് ഈശോയെ പരിചയപ്പെടുത്തിക്കൊടുക്കാനും അവരെ ദൈവത്തിലേക്ക് ആനയിക്കാനും പൊതുപൗരോ ഹിത്യം നമ്മെ കടപ്പെടുത്തുന്നു.

# ശുശ്രൂഷാപൗരോഹിത്യം

❖ദൈവം സഭയിൽ ചിലരെ തെരഞ്ഞെടുത്ത് തന്റെ ശുശ്രൂഷയ്ക്കായി പ്രത്യേകം  നിയോഗിക്കുന്നു. ദൈവജനത്തെ നയിക്കാനും പഠിപ്പിക്കാനും വിശുദ്ധീകരിക്കാനുമുള്ള തന്റെ ദൗത്യത്തിൽ ഈശോ അവരെ പങ്കുചേർക്കുന്നു.

# ശ്ലീഹാന്മാരുടെ സഹശുശ്രൂശകർ

❖ശ്ലീഹന്മാർ തങ്ങൾ സുവിശേഷം പ്രസംഗിച്ചിരുന്നിടത്തെല്ലാം സഹശു ശ്രൂഷകരായി പുരോഹിതരെ നിയോഗിച്ചിരുന്നു. ശ്ലീഹന്മാരുടെ പിൻഗാമികളായ മെത്രാന്മാരും കൈവയ്പുശുശ്രൂഷയിലൂടെയാണ് ഇന്നു പൗരോഹിത്യം കൈമാറുന്നത്. കൈവയ്പുവഴി പരിശുദ്ധാത്മാവിന്റെ പ്രത്യേക കൃപാവരത്താലാണ് തിരുപ്പട്ടം നൽകുന്നത്.

തിരുപ്പട്ടം

# ശ്ലീഹന്മാരുടെ പിന്തുടർച്ചയും പരിശുദ്ധാത്മാവിന്റെ കൃപയും

- തിരുപ്പട്ടം ശ്ലൈഹികമായ പിൻതുടർച്ചയാണെന്നും പരിശുദ്ധാത്മാവിന്റെ ശക്തിയാലാണ് അത് പാലിക്കപ്പെടുന്നതെന്നും ഈ പ്രാർത്ഥന വ്യക്തമാക്കുന്നു. പുരോഹിതശുശ്രൂഷയ്ക്കായി വിളിക്കപ്പെട്ടിരിക്കുന്ന വ്യക്തി അയോഗ്യനാണെങ്കിലും ദൈവാത്മാവിന്റെ ശക്തി അയാളെ പരിപൂർണനാക്കുന്നു.

തിരുപ്പട്ടം

# പൗരോഹിത്യധർമങ്ങൾ

❖സത്യത്തിന്റെ വചനം പ്രസംഗിക്കുക, രോഗികളുടെമേൽ കൈവച്ച് അവരെ സുഖപ്പെടുത്തുക, നിർമല മനസ്സാക്ഷിയോടു കൂടി വിശുദ്ധ മദ് ബഹായിൽ ശുശ്രൂഷിക്കുക, പാപമോചനവും മാമ്മോദീസായും നൽകുക, വിവാഹം ആശീർവദിക്കുക തുടങ്ങിയവയാണ് ഈ പ്രാർത്ഥനയിൽ വ്യക്തമാക്കപ്പെടുന്ന പൗരോഹിത്യ ധർമങ്ങൾ.

തിരുപ്പട്ടം

# പുരോഹിതൻ പഠിപ്പിക്കുന്നവൻ

- ഈശോയുടെ പൗരോഹിത്യത്തിൽ പങ്കുപറ്റുന്ന പുരോഹിതനും പഠിപ്പിക്കാൻ വേണ്ടി വിളിക്കപ്പെട്ടവനാണ്. തിരുസഭയുടെ പഠനങ്ങളോട് ചേർന്നു നിന്നുവേണം വൈദികൻ ഈ ദൗത്യം നിറവേറ്റാൻ.

തിരുപ്പട്ടം

# പുരോഹിതൻ വിശുദ്ധീകരിക്കുന്നവൻ

- ഈശോയുടെ പൗരോഹിത്യത്തിൽ പങ്കുപറ്റുന്ന പുരോഹിതൻ ദൈവജനത്തെ വിശുദ്ധീകരിക്കുവാനായി വിളിക്കപ്പെട്ടവനാണ്. വിശുദ്ധീകരിക്കുന്ന കർമങ്ങളായ വിശുദ്ധ കുർബാനയുടെയും പരികർമത്തിലൂടെയാണ് പ്രധാനമായും പുരോഹിതർ ഈ ദൗത്യം നിറവേറ്റുന്നത്. പുരോഹിതന്റെ വിശ്വാസജീവിതവും, പ്രാർത്ഥനയും എല്ലാം ദൈവജനത്തിന്റെ വിശുദ്ധീകരണത്തിന് കാരണമായിത്തീരും.

തിരുപ്പട്ടം

# പുരോഹിതൻ നയിക്കുന്നവൻ

- അവിടുത്തെപ്പോലെ അജഗണത്തെ കൃപാവരത്തിന്റെ മേച്ചിൽപുറങ്ങളിലേക്കും അവസാനം സ്വർഗത്തിലേക്കും നയിക്കേണ്ടവനാണ് പുരോഹിതൻ. അവന്റെ നേതൃത്വം ശുശ്രൂഷയുടെ നേതൃത്വമാണ്; അധികാരത്തിന്റേതല്ല.

# പൗരോഹിത്യത്തിലേക്കുള്ള വിളി

- കൂദാശകളുടെ അടുത്തടുത്തുള്ള സ്വീകരണം, വിശുദ്ധ ഗ്രന്ഥപാരായണം തുടങ്ങിയവയും ദൈവവിളി പരിപോഷിപ്പിക്കാനുള്ള മാർഗങ്ങളാണ്

തിരുപട്ടം

തിരുപ്പട്ടം

## എന്റെ തീരുമാനം

ഞാൻ എല്ലാ ദിവസവും വൈദി
കർക്കുവേണ്ടി പ്രാർത്ഥിക്കും.


തിരുപ്പട്ടം
ഓർമിക്കാൻ ഒരു തിരുവചനം
അഹറോനെപ്പോലെ ദൈവ
ത്താൽ വിളിക്കപ്പെടുകയല്ലാതെ
ആരും സ്വയം ഈ ബഹുമതി
ഏറ്റെടുക്കുകയില്ല". (ഹെബ്രാ.
5:4)